▪ അന്തമാൻ കത്ത് ▪

പി.കെ മുഹമ്മദലി

# ഹൽഖാ സെക്രട്ടറിയുടെ അന്തമാൻ പര്യടനം

**പോർട്ട് ബ്ലെയർ:** ജമാഅത്തെ ഇസ്‌ലാമി കേരള & അന്തമാൻ സെക്രട്ടറി എ. മുഹമ്മദലി മെയ് 5, 6, 7, 8 തീയതികളിൽ അന്തമാനിൽ പര്യടനം നടത്തി. മെയ് 5-ന് 12 മണിക്ക് പോർട്ട് ബ്ലെയറിലെത്തിയ അദ്ദേഹത്തെ പ്രവർത്തകർ ഹാർദമായി സ്വീകരിച്ചു. ഇസ്‌ലാമിക് ഗൈഡൻസ് സെന്റർ സന്ദർശിച്ച അദ്ദേഹം പിന്നീട് ജമാഅത്ത് ആസ്ഥാനമായ വിമ്പർലിഗഞ്ചിലേക്ക് പുറപ്പെട്ടു. അവിടെവെച്ച് ജമാഅത്ത് അംഗങ്ങളുടെ യോഗത്തിൽ പങ്കെടുത്ത് പ്രവർത്തനങ്ങൾ വിലയിരുത്തി. മഗ്‌രിബിനു ശേഷം മൻഫഉൽ ഇസ്‌ലാം മസ്ജിദിൽ സംഘടിപ്പിച്ച സ്വീകരണ യോഗത്തിൽ പ്രസംഗിച്ചു.

മെയ് 6-ന് രാവിലെ നടന്ന പ്രവർത്തക സംഗമത്തിലും മുഹമ്മദലി സാഹിബ് പങ്കെടുക്കുകയും പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും ആവശ്യമായ ഉപദേശനിർദേശങ്ങൾ നൽകുകയും ചെയ്തു. ഉച്ചക്കുശേഷം മലപ്പുറം മസ്ജിദുൽ ഖൈറിൽ സംഘടിപ്പിച്ച പരിപാടിയിൽ സൂനാമി ബാധിതർക്കായി ജമാഅത്തെ ഇസ്‌ലാമി നിർമിച്ച വീടുകളുടെ താക്കോൽദാനം അദ്ദേഹം നിർവഹിച്ചു. സൂനാമിക്കു ശേഷം ജമാഅത്തെ ഇസ്‌ലാമി കേരളത്തിനകത്തും പുറത്തും നിർവഹിച്ച സേവനപ്രവർത്തനങ്ങൾ അദ്ദേഹം വിശദീകരിച്ചു. യോഗത്തിൽ അധ്യക്ഷത വഹിച്ച പി.കെ മുഹമ്മദലി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. എ.പി ജാബിർ (ജില്ലാ പരിഷത്ത് മെമ്പർ, മണ്ണാർക്കാട്), എം.കെ ഹുസൈൻ (ജില്ലാ പരിഷത്ത് മെമ്പർ, വിമ്പർലിഗഞ്ച്), ഒ. അബ്ദുർറഹ്മാൻ (സെക്രട്ടറി, അന്തമാൻ മാപ്പിള സർവീസ് ഓർഗനൈസേഷൻ), സി. അബ്ദു (അസി. ഡയറക്ടർ, സപ്ലൈ ഡിപ്പാർട്ട്മെന്റ്) ആശംസകളർപ്പിച്ചു. മണ്ണാർക്കാട് ജുമാമസ്ജിദ് പ്രസിഡന്റ് എൻ. സുലൈമാൻ, കോൺഗ്രസ് നേതാവ് അലിഹാജി എന്നിവരും സന്നിഹിതരായിരുന്നു. ടി. ഇസ്മാഈലിന്റെ ഖിറാഅത്തോടെ ആരംഭിച്ച യോഗത്തിൽ എം.കെ മുഹമ്മദ് സ്വാഗതമാശംസിച്ചു. മഗ്‌രിബിനു ശേഷം ക്രസന്റ് പബ്ലിക് സ്കൂളിൽ സ്കൂൾ മാനേജ്മെന്റിന്റെയും ഇസ്‌ലാമിക് വെൽഫെയർ സൊസൈറ്റിയുടെയും സംയുക്തയോഗത്തിലും മുഹമ്മദലി സാഹിബ് പങ്കെടുത്തു.

ജൂൺ 7-ന് നടന്ന പ്രാദേശിക ജമാഅത്തുകളുടെ സംയുക്ത യോഗത്തിൽ അന്തമാനിലെ പ്രസ്ഥാന പ്രവർത്തനങ്ങളെക്കുറിച്ച് പി.കെ മുഹമ്മദലി സംസാരിച്ചു. തുടർന്ന് ചർച്ച നടന്നു. ചർച്ച സമാഹരിച്ച് എ. മുഹമ്മദലി സാഹിബ് സംസാരിച്ചു. ഉച്ചക്കുശേഷം നടന്ന മദ്റസാ അധ്യാപകരുടെ സംയുക്ത യോഗത്തിലും അദ്ദേഹം പങ്കെടുത്തു. മഗ്‌രിബിനുശേഷം സ്റ്റുവർട്ട് ഗഞ്ച് മസ്ജിദുൽ ഇഹ്സാനിൽ നടന്ന മഹല്ല് സംഗമത്തിലും മെയ് 8-ന് വിമ്പർലിഗഞ്ച് ജുമാമസ്ജിദിൽ നടന്ന മഹല്ല് സംഗമത്തിലും ഹൽഖാ സെക്രട്ടറി പ്രസംഗിച്ചു. സെല്ലുലാർ ജയിൽ, ആന്ത്രോപ്പോളജിക്കൽ മ്യൂസിയം, ഫിഷറീസ് അക്വേറിയം, നിർമാണത്തിലിരിക്കുന്ന സ്കൂൾ കെട്ടിടവും സൂനാമി ഹോസ്റ്റലും അദ്ദേഹം സന്ദർശിച്ചു. മെയ് 9-ന് അദ്ദേഹം കേരളത്തിലേക്ക് തിരിച്ചുപോയി.